(ബി) ഈ പ്രവൃത്തിക്ക് നബാർഡിൽ നിന്നും സാമ്പത്തിക സഹായം ലഭിച്ചിട്ടുണ്ടോ ; എങ്കിൽ എത്ര ലക്ഷം രൂപയുടെ സഹായമാണ് ലഭിച്ചിട്ടുള്ളത് ;

(സി) പ്രവൃത്തിക്കാവശ്യമായ സിമന്റും കമ്പിയും കരാറുകാരന് ലഭ്യമാക്കുന്നതിനാവശ്യമായ പണം നൽകുവാൻ ബന്ധപ്പെട്ട എക്സിക്യൂട്ടീവ് എൻജിനീയർ അഭ്യർത്ഥിച്ചിട്ടുണ്ടോ ;

(ഡി) എങ്കിൽ ഇതിൻമേൽ എന്ത് നടപടി കൈക്കൊണ്ടിട്ടുണ്ട് ; വിശദാംശം വെളിപ്പെടുത്തുമോ ;

(ഇ) ഇതിൻമേൽ അടിയന്തിര നടപടി കൈക്കൊള്ളുമോ ?

ഉത്തരം

(എ) കീരാനല്ലൂർ ന്യൂകട്ട് റഗുലേറ്ററിന്റെ അവസാനഘട്ട പണിയുടെ പ്രാരംഭപ്രവർത്തനങ്ങൾ നടന്നു വരുന്നു.

(ബി) ഈ പ്രവൃത്തിക്ക് നബാർഡിൽ നിന്നും 13.7 ലക്ഷം രൂപയുടെ സഹായം ലഭ്യമായിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) ഈ കണക്കിനത്തിൽ മൊത്തം 9.20 ലക്ഷം രൂപ മഞ്ചേരി ഇറിഗേഷൻ ഡിവിഷൻ എക്സിക്യൂട്ടീവ് എൻജിനീയർക്ക് അനുവദിച്ചിട്ടുണ്ട്.

(ഇ) കൈക്കൊള്ളുന്നതാണ്.

പള്ളത്തൂർ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി

38 (2593) ശ്രീ. പി. രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പള്ളത്തൂർ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി സർക്കാരിന്റെ പരിഗണനയിലുണ്ടോ ;

(ബി) ഈ പദ്ധതിയുടെ ഇപ്പോഴത്തെ സ്ഥിതി വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) പള്ളത്തൂർ ലിഫ്റ്റ് ഇറിഗേഷൻ എന്ന പദ്ധതി ഇപ്പോൾ പരിഗണനയിലില്ല.

ബിട്ടിക്കൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി

39 (2594) ശ്രീ. പി. രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബിട്ടിക്കൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി സർക്കാരിന്റെ പരിഗണനയിലുണ്ടോ ;

(ബി) പദ്ധതിയുടെ ഇപ്പോഴത്തെ സ്ഥിതി അറിയിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) ബിട്ടിക്കൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിക്കായി 80 ലക്ഷം രൂപയുടെ ഒരു എസ്റ്റിമേറ്റ് പരിശോധിച്ചു വരുന്നു. വിശദമായ പഠനത്തിനു ശേഷം പദ്ധതി നടപ്പിലാക്കുന്നതാണ്.

കുളവാഴ, ആഫ്രിക്കൻ പായൽ എന്നിവ നീക്കം ചെയ്യാൻ പദ്ധതി

40 (2595) ശ്രീ. അടൂർ പ്രകാശ് :
ശ്രീ. കെ. എ. ചന്ദ്രൻ :
ശ്രീ. കെ. മുഹമ്മദുണ്ണി :
ഡോ. എം. എ. കുട്ടപ്പൻ :
ശ്രീ. ജോർജ് ജെ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഏതൊക്കെ ജില്ലകളിലാണ് കുളവാഴയുടെയും ആഫ്രിക്കൻ പായലിന്റെയും പ്രശ്നം വ്യാപകമായിട്ടുള്ളതെന്ന് പറയുമോ ;

(ബി) ഇവ നീക്കം ചെയ്യുവാൻ എന്തു തുക വേണ്ടി വരും എന്നും ഇതിനുള്ള പദ്ധതി എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ) ആലപ്പുഴ, കോട്ടയം, എറണാകുളം ജില്ലകളിലാണ് കുളവാഴയുടെയും ആഫ്രിക്കൻ പായലിന്റെയും പ്രശ്നം വ്യാപകമായിട്ടുള്ളത്.

(ബി) ആഫ്രിക്കൻ പായലും കുളവാഴയും നീക്കം ചെയ്യുന്ന പ്രവൃത്തിക്കു വേണ്ടി ആദ്യഘട്ടത്തിൽ ഏകദേശം 62 ലക്ഷം രൂപ ചെലവു വരും എന്നാണ് കണക്കാക്കിയിട്ടുള്ളത്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് മാത്രമേ പദ്ധതി പൂർത്തിയാക്കുവാൻ കഴിയുകയുള്ളൂ.

തോട്ടടയിൽ ശുദ്ധജല വിതരണ പദ്ധതി ആരംഭിക്കാൻ നടപടി

41 (2603) ശ്രീ. എം. വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിലെ തോട്ടടയിൽ ശുദ്ധജല വിതരണ പദ്ധതി ആരംഭിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ ;

(ബി) ഈ പദ്ധതിയുടെ എസ്റ്റിമേറ്റ് തുക എത്രയാണെന്നും ഭരണാനുമതി നൽകിയിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ ;

(സി) പദ്ധതി എപ്പോൾ ആരംഭിക്കാൻ കഴിയുമെന്നും എപ്പോൾ പൂർത്തീകരിക്കുമെന്നും വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly